"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്കിലെ ന്യായവിലകട 1841370 ന്റെ ലൈസൻസ് ലഭ്യമാക്കണം എന്ന ആവശ്യം - ശ്രീ.മുരളി പി.എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.232/2024/F&CS തീയതി,തിരുവനന്തപുരം, 05-08-2024

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ സപ്ലൈ ഓഫീസറുടെ 10.07.2023 ലെ DSOTSR/682/2022-F2 നമ്പർ നടപടിക്രമം.
2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 1.12.2023 ലെ DCTSR/7848/2023- C2 നമ്പർ നടപടിക്രമം
3. ശ്രീ മുരളി പി. എസ്. സർക്കാരിൽ സമർപ്പിച്ച 12.02.2024 ലെ റിവിഷൻ ഹർജി.
4. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 04-03-2024 തീയതിയിലെ CCS/1370/2024-A8 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ ജില്ല തൃശ്ശൂർ താലൂക്കിലെ ന്യായവിലകട 1841370 ന്റെ ലൈസൻസിക്ക് സർക്കാർ ജോലി ലഭിച്ചതിനാൽ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കടയുടെ ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്തുകൊണ്ട് 09.05.2017 തീയതിയിൽ ഉത്തരവായി. ആയത്പ്രകാരം ന്യായവിലകട 1841370ൽ പുതിയ ലൈസൻസിയെ നിയമിക്കുന്നതിനായി ഭിന്നശേഷി വിഭാഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് ജില്ല സപ്ലൈ ഓഫീസർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതേതുടർന്ന് വിജ്ഞാപനം ഒഴിവാക്കുന്നതിനും തൃശ്ശൂർ താലൂക്കിലെ ന്യായവിലകട 1841370ന്റെ ലൈസൻസ് സെയിൽസ്മാൻ എന്ന നിലയിൽ തനിക്ക് ലഭിക്കുന്നതിനു ശ്രീ. മുരളി പി.എസ്. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 17453/2022 നമ്പർ ഹർജി, ജില്ലാ സപ്ലൈ ഓഫീസർ നിശ്ചിത സമയത്തിനുള്ളിൽ ഉചിത തീരുമാനം എടുക്കാൻ നിർദ്ദേശിച്ച് തീർപ്പാക്കുകയുണ്ടായി.

2. WP(C) 17453/2022 നമ്പർ വിധിന്യായപ്രകാരം, തൃശ്ശൂർ താലൂക്കിലെ 1841370 നമ്പർ ന്യായവിലകടയുടെ ലൈസൻസിനായി ശ്രീ മുരളി പി.എസ്. സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ജില്ലാ സപ്ലൈ ഓഫീസർ വിശദമായി പരിശോധിക്കുകയും ടിയാന്

നേർക്കാഴ്ചക്ക് അവസരം നൽകുകയും ചെയ്തു. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് ഖണ്ഡിക 37 (5) പ്രകാരം ശ്രീ.മുരളി പി.എസ്. ന് നിയമനം ലഭിക്കാൻ അർഹത ഇല്ലെന്ന് കണ്ടെത്തിനെ തുടർന്ന് ശ്രീ.മുരളി പി.എസ്. ന്റെ അപേക്ഷ നിരസിച്ചുകൊണ്ടും ലൈസൻസിനായുള്ള വിജ്ഞാപനം റദ്ദ് ചെയ്തുകൊണ്ടും ജില്ല സപ്ലൈ ഓഫീസർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. ജില്ലാ സപ്ലൈ ഓഫീസറുടെ പരാമർശം (1) -ലെ ഉത്തരവിനെതിരെ ശ്രീ. മുരളി പി. എസ്. ബഹു.ജില്ലാ കളക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ടി അപ്പീൽ അപേക്ഷയിൽ ബഹു.ജില്ലാ കളക്ടർ, അപേക്ഷകനുമായും, ജില്ലാ സപ്ലൈ ഓഫീസറുമായും നേർവിചാരണ നടത്തുകയും തൃശ്ശൂർ താലൂക്കിലെ ന്യായവിലകട 1841370-ന്റെ നിയമനവുമായി ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവിൽ ഇടപെടുവാൻ തക്ക സാഹചര്യം ഇല്ലെന്നുകണ്ട് ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

4. പരാമർശം (2) പ്രകാരമുള്ള നടപടിക്രമത്തിനെതിരെ പരാമർശം (3) പ്രകാരം ടിയാൻ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. സർക്കാർ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറിൽ നിന്ന് റിപ്പോർട്ട് തേടുകയും 17/04/2024 ന് അപേക്ഷകനെ നേരിൽ കേൾക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഹർജിക്കാരനുവേണ്ടി ടിയാന്റെ അഭിഭാഷകൻ ശ്രീ. വേണുഗോപാൽ ഹാജരായി. 18/02/2021 ൽ KTPDS (Control) Order നിലവിൽ വരുന്നതിന് മുൻപ് ലൈസൻസ് റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവില കടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ എന്നിവർക്ക് 10 വർഷത്തിൽ കൂടുതൽ അതേ ന്യായവിലക്കടയിൽ പ്രവൃത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും മേൽ ഉത്തരവിലെ ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹതയില്ല എന്നത് അംഗീകരിക്കാനാകില്ലെന്നും ഹർജിക്കാരൻ യോഗ്യനാണെന്നും ഇക്കാര്യത്തിൽ പുനഃപരിശോധന ഉണ്ടാകണം എന്നും ടിയാൻ ബോധിപ്പിച്ചു.

5. ശ്രീ. മുരളി പി.എസ്.സമർപ്പിച്ച റിവിഷൻ ഹർജി, ജില്ലാ സപ്ലൈ ആഫീസറുടെ നടപടിക്രമം,ജില്ലാകളക്ടറുടെ നടപടിക്രമം,സിവിൽ സപ്ലൈസ് കമ്മീഷണറുടെ റിപ്പോർട്ട്, ഹർജിക്കാരന്റെ അഭിഭാഷകൻ മുന്നോട്ട് വച്ച വാദഗതികൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. KTPDS (C) Order -2021 നിലവിൽ വന്ന 18/02/2021 മുതൽ നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ KTPDS (C) Order -2021ഖണ്ഡിക 37(1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ പ്രകാരം സെയിൽസ്മാൻ/സെയിൽസ് വുമൺ-ന് ലൈസൻസ് അനുവദിക്കുന്നതിന് സമ്മതപത്രം നല്ലാൻ കഴിയുകയുള്ളൂ. 18/02/2021 ൽ KTPDS (C) Order നിലവിൽ വരുന്നതിന് മുൻപ് ലൈസൻസ് റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവില കടകളിലെ സെയിൽസ് മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ അതേ ന്യായവില കടയിൽ തന്നെ സെയിൽസ് മാൻ/സെയിൽസ് വുമൺ ആയി പ്രവൃത്തിപരിചയം ഉണ്ടെങ്കിൽ കൂടിയും ടി ഉത്തരവിലെ ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല.

6. മേൽ വിവരിച്ചിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ടുള്ള ജില്ലാ കളക്ടറുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഇടപെടേണ്ട സാഹചര്യം നിലവിലില്ല. ആകയാൽ പരാമർശം (4) പ്രകാരമുള്ള ശ്രീ. പി.എസ്. മുരളിയുടെ റിവിഷൻ ഹർജി നിരസിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീ. മുരളി പി.എസ്. Payathu Parambil House, Pottar PO, Thrissur 680581പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ
2.ജില്ലാ കളക്ടർ, തൃശ്ശൂർ
3. ജില്ലാ സപ്ലൈ ഓഫീസർ തൃശ്ശൂർ
4. താലൂക്ക് സപ്ലൈ ഓഫീസർ തൃശ്ശൂർ
5.വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ (FCSD-B2/42/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 05-08-2024 17:17:30
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്